ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് വ്യവസായ വകുപ്പുവഴി ഓരോ വർഷവും നടപ്പാക്കിയ പദ്ധതികളുടെ പേരുവിവരവും അതിനായി നീക്കിവച്ച തുകയും ചെലവും സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് 2011-12, 2012-13, 2014-15-ലും കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ 2013-14-ലും (ഓഡിറ്റിന് ശേഷമുള്ള കണക്കുകൾ പ്രകാരം) ലാഭത്തിലാണ് പ്രവർത്തിച്ചത്.

വ്യവസായ മേഖലയിലെ പുതിയ പദ്ധതികൾ

154 (4736) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയത് ; സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ, വിവിധ ഏജൻസികൾ എന്നിവ എത്ര തുക വീതമാണ് പ്രസ്തുത പദ്ധതികളിൽ നിക്ഷേപിച്ചത് ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി

155 (4737) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ വ്യവസായ മേഖലയുണ്ടാവുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ ധനസമാഹരണം എപ്രകാരമാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വ്യവസായ മേഖലയിൽ സംയോജിത വികസന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly